"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - "കോന്നി കരിയാട്ടം" എന്ന പേരിൽ കോന്നിയിൽ ഓണക്കാലത്ത് നടത്തുന്ന ആഘോഷപരിപാടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1970/2025/LSGD തീയതി,തിരുവനന്തപുരം, 07-08-2025

---

പരാമർശം:- 1. ബഹു. കോന്നി എംഎൽഎ യുടെ 01-07-2025 തീയതിയിലെ കത്ത്.

**<u>ഉത്തരവ്</u>**

കോന്നിയിൽ ഓണക്കാലത്ത് "കോന്നി കരിയാട്ടം" എന്ന പേരിൽ സംഘടിപ്പിക്കുന്ന ആഘോഷപരിപാടികളുമായി ബന്ധപ്പെട്ട് കോന്നി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വീതം ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് ബഹു. കോന്നി എംഎൽഎ പരാമർശിത കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി "കോന്നി കരിയാട്ടം" എന്ന പേരിൽ സംഘടിപ്പിക്കുന്ന ആഘോഷപരിപാടികളുടെ നടത്തിപ്പിനായി കോന്നി നിയോജക മണ്ഡലത്തിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി പരമാവധി **₹**2,50,000/- **(രണ്ടുലക്ഷത്തി അൻപതിനായിരം രൂപ മാത്രം)** ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 08-08-2025 12:46:57

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.